II.ഇ.ബി. XII-കേരള നിയമസഭ/XI-5

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2009 ജൂൺ 26, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

15 (*121) ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു.

സംസ്ഥാനത്തുള്ള 7 ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ലഭിച്ച ആറര കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു;

ആശുപത്രി വികസന സമിതികൾ രൂപീകരിച്ചു;

സ്വന്തമായി കെട്ടിടമില്ലാത്ത 89 ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും അതനുസരിച്ച് മൈനാഗപ്പള്ളിയിൽ കെട്ടിടം പണി പൂർത്തിയാക്കുകയും ചെയ്തു. ആശ്രാമം, മൈലം എന്നിവിടങ്ങളിൽ കെട്ടിടം പണി പുരോഗതിയിലുമാണ്. മറ്റുള്ള ഡിസ്പെൻസറികൾക്ക് സ്ഥലം കണ്ടെത്തുന്നതിനുള്ള പരിശ്രമം നടക്കുന്നു;

പ്ളാൻ ഫണ്ട് വിനിയോഗിച്ച് പ്രമേഹരോഗ നിർണ്ണയം ഡിസ്പെൻസറികളിൽ ആരംഭിച്ചു;

ആംബുലൻസ് സൗകര്യമുള്ള അഞ്ച് ആശുപത്രികൾക്ക് പുറമേ പുതിയതായി 5 ആശുപത്രികൾക്ക് കൂടി ആംബുലൻസുകൾ വാങ്ങി നൽകി;

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നടപടികൾ ഉദാരമാക്കി;

രോഗ പ്രതിരോധ നടപടികൾ ഊർജ്ജിതപ്പെടുത്തി;

ആശ്രാമം ആശുപത്രി മോഡൽ ആശുപത്രി ആക്കുകയും ഉദ്യോഗ മണ്ഡൽ ആശുപത്രി മോഡൽ ആശുപത്രി ആക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു;

ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തു;

മഴക്കാല രോഗങ്ങൾ തടയുന്നതിനുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിന് 10,000 രൂപ വീതം എല്ലാ ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും നൽകി;

ആശ്രിത ചികിത്സക്ക് ഏർപ്പെടുത്തിയിരുന്ന പരിധി എടുത്തുകളഞ്ഞു;

എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികൾ വഴി ക്യാഷ്‌ലെസ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയും സ്പെഷ്യാലിറ്റി ചികിത്സയും ഏർപ്പെടുത്തി.

പാരിപ്പള്ളി ഇ.എസ്.ഐ. ആശുപത്രിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനും എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ ഡന്റൽ കോളേജ് ആരംഭിക്കുന്നതിനുമുള്ള കേരള യൂണിവേഴ്സിറ്റിയുടെ സമ്മതപത്രവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭിക്കുകയും കോളേജ് കെട്ടിടങ്ങളുടെ പ്ളാൻ ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഇ.എസ്.ഐ. കോർപ്പറേഷന്റെ പൂർണ്ണ ചെലവിൽ നിർമ്മിക്കുന്ന പാരിപ്പള്ളി ഇ.എസ്.ഐ.മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടി 525

കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സ് ആന്റ് ലൈഫ് കെയർ ലിമിറ്റഡിനെയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുളളത്. നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു. ഈ മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ. അംഗങ്ങളുടെ ആശ്രിതർക്ക് 10 ശതമാനവും ഇ.എസ്.ഐ. ജീവനക്കാരുടെ കുട്ടികൾക്ക് 5 ശതമാനവും ജോലി സംവരണം നൽകാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 12 ഇ.എസ്.ഐ. ആശുപത്രികളോടനുബന്ധിച്ച് നഴ്സിംഗ് കോളേജുകൾ തുടങ്ങുന്ന കാര്യം ഇ.എസ്.ഐ. കോർപ്പറേഷൻ തത്വത്തിൽ അംഗീകരിച്ചി ട്ടുണ്ട്. തോട്ടടയിലെ ഇ.എസ്.ഐ. ആശുപത്രിയോടനുബന്ധിച്ച് ഒരു നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള ശുപാർശ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിൽ 137 ഇ.എസ്.ഐ. ഡിസ്പെൻസറികളും കൊല്ലത്തെ മോഡൽ ആശുപത്രിയടക്കം 13 ആശുപത്രികളുമുണ്ട്. 50,000 ഐ.പി. ഉള്ള സ്ഥലത്ത് ഒരു ആശുപത്രിയും 2000 ഐ.പി. ഉള്ള സ്ഥലത്ത് ഒരു ഡിസ്പെൻസറിയും എന്ന നിലയിലാണ് കേന്ദ്ര ഇ.എസ്.ഐ. കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ളത്. കേരളത്തിൽ ഐ.പി. മെമ്പർമാരുടെ എണ്ണം 2,60,000-ലധികം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ വിഴിഞ്ഞം, ചേർത്തല, കഞ്ചിക്കോട്, കേരളപുരം, മലപ്പുറം, കാസർഗോഡ് തുടങ്ങിയ സ്ഥലങ്ങളിലായി 6 പുതിയ ആശുപത്രികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് 57 ആശുപത്രി അധികൃതരുമായി ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രതിനിധികളും റീജിയണൽ ഡയറക്ടർ ബോർഡും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഐ.പി.യുടെ എണ്ണം

നോക്കാതെ സംസ്ഥാനത്തെയാകെ ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവരാനാണ് സംസ്ഥാന ഗവൺമെന്റ് പരിശ്രമിക്കുന്നത്. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ഡിസ്പെൻസറികൾക്ക് സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ഇ.എസ്.ഐ. കോർപ്പറേഷൻ സ്ഥലത്തിന്റെ വില നൽകുകയും സ്വന്തമായി കെട്ടിടം നിർമ്മിച്ചുനൽകുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കഴിഞ്ഞമാസം കൂടിയ റിജിയണൽ ബോർഡ് മീറ്റിംഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും ഓഫീസുകളിലും 3000 കോടി രൂപ ചെലവഴിച്ച് ഇ.എസ്.ഐ. കോർപ്പറേഷൻ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി എല്ലാ ഇ.എസ്.ഐ. അംഗങ്ങൾക്കും സ്മാർട്ട് കാർഡ് വിതരണം ചെയ്യുന്നതിനും രാജ്യത്തെ ഏത് ആശുപത്രികളിൽ ചെന്നാലും ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുന്നതാണ്. 12 ആശുപത്രികളിൽ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് 50 ബെഡ് വരെയുള്ള ആശുപത്രികൾക്ക് 20 ലക്ഷം രൂപയും 150 ബെഡ്ഡുള്ളതിന് 60 ലക്ഷം രൂപയും ചെലവഴിക്കുന്നതിനുള്ള അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും മരുന്നുവാങ്ങണമെന്ന് തീരുമാനിക്കുന്നത് ഇപ്പോൾ ഇ.എസ്.ഐ. കോർപ്പറേഷനാണ്. സംസ്ഥാന ഗവൺമെന്റിന് അതിനുള്ള അധികാരങ്ങൾ നൽകണമെന്നും ആയൂർവേദ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങാൻ അനുവദിക്കണമെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2009 ജൂൺ ഒന്നാം തീയതിയിലെ കണക്ക് പ്രകാരം സംസ്ഥാനത്ത് 6,58,823 തൊഴിലാളികൾക്ക് ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നുണ്ട്. മെച്ചപ്പെട്ട സാമൂഹ്യ സുരക്ഷാ സംവിധാനമുള്ള

ഇ.എസ്.ഐ. സ്കീമിന്റെ പരിധിയിൽ സ്വകാര്യ ആശുപത്രി ജീവനക്കാരേയും അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/ അനദ്ധ്യാപക ജീവനക്കാരേയും കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കും ഇ.എസ്.ഐ. പോലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏർപ്പെടുത്തുന്നതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ പരിഗണനയിൽ കൊണ്ടുവന്ന് ഇ.എസ്.ഐ. ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ശ്രമിക്കുന്നതാണ്. 30 രൂപ അടയ്ക്കുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് 30,000 രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ ആർ.എസ്.ബി.വൈ. കുറച്ചുകൂടി വിപുലപ്പെടുത്തി തോട്ടം തൊഴിലാളികൾക്ക് നല്ല നിലയിലുള്ള ചികിത്സാ സൗകര്യങ്ങളും ആരോഗ്യപരിരക്ഷയും നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റിന്റെ കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ച് ചികിത്സയ്ക്കുള്ള മരുന്ന് ഡിപ്പാർട്ടുമെന്റുതന്നെ നേരിട്ടുവാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2009 ഫെബ്രുവരി വരെയുള്ള മുഴുവൻ റീ-ഇംപേഴ്സ്മെന്റും കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഇ.എസ്.ഐ ആശുപത്രികളിൽ 514 ഡോക്ടർമാർ ആവശ്യമുള്ള സ്ഥാനത്ത് ഇപ്പോൾ 83 ഡോക്ടർമാരുടെ കുറവുണ്ട്. ഏലൂർ ആശുപത്രി കെട്ടിടം പുതുക്കിപ്പണിയുന്നതിനായി കേന്ദ്രഗവൺമെന്റ് ആറുകോടി രൂപ അനുവദിക്കുകയും ഈ ആശുപത്രിയെ ഒരു മോഡൽ ആശുപത്രിയായി ഉയർത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എഴുകോൺ ഡന്റൽകോളേജ് എത്രയുംപെട്ടെന്ന് പ്രാവർത്തികമാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. കേരള സ്റ്റേറ്റ്

ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിലെ ഇ.എസ്.ഐ. കുടിശ്ശിക പരിശോധിച്ച് അത് അടച്ചുതീർക്കാൻ ആവശ്യപ്പെടുകയും തൊഴിലാളികൾക്ക് ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. കഴക്കൂട്ടം ടെക്നോപാർക്കിലെ തൊഴിലാളികളെക്കൊണ്ട് ഇ.എസ്.ഐ. സ്കീമിൽ അംഗത്വമെടുപ്പിക്കുകയും ഐ.പി.യുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്താൽ അവിടുത്തെ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്താൻ സാധിക്കുന്നതാണ്. മലപ്പുറം ജില്ലാ ഇ.എസ്.ഐ. ആശുപത്രിയെ സൗകര്യപ്രദമായ മറ്റൊരു വാടകക്കെട്ടിട ത്തിലേയ്ക്ക് മാറ്റുന്ന കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണെന്നും കാസർഗോഡ് ഒരു ഇ.എസ്.ഐ. ആശുപത്രി ആരംഭിക്കുന്നതിനുള്ള ശുപാർശ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

16 (*122) <u>സമ്പൂർണ്ണ ഊർജ്ജസുരക്ഷാ മിഷൻ</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) നൽകിയ മറുപടിയിൽ, സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ വിദൂര ഗ്രാമ വൈദ്യുതീകരണ പരിപാടിയുടെ ടെണ്ടർ നടപടികൾ പൂർത്തീക രിക്കുകയും ജില്ലാ പഞ്ചായത്തുകളുമായി ചേർന്ന് നടപ്പാക്കുന്ന വികേന്ദ്രീ കൃത ഊർജ്ജോല്പാദന പ്രോജക്ടുകളായ ജൈവദ്രവ്യ ഗ്യാസിഫയർ, സാമൂഹിക ജൈവ വാതക പ്ലാന്റുകൾ, സമൂഹ പാചകത്തിനുതകുന്ന സൗര അടുപ്പ് തുടങ്ങിയവയ്ക്കുള്ള വിശദാംശ പ്രോജക്ട് രേഖകൾ (ഡി.പി.ആർ) തയ്യാറാക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഊർജ്ജ ലഭ്യത ലാഭമാക്കാൻ വികേന്ദ്രീകൃത ഊർജ്ജ പദ്ധതികളുടെ ബോധവൽക്കരണവും ഊർജ്ജ സംരക്ഷണ പ്രവർത്തനവുമാണ് ഊർജ്ജ സുരക്ഷാ മിഷൻകൊണ്ട്

ഉദ്ദേശിക്കുന്നത്. ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലും ഇത് സജീവമായി നടന്നുവരുന്നു. ഊർജ്ജ സുരക്ഷാ മിഷന്റെ നേതൃത്വത്തിൽ വിദൂര ഗ്രാമ വൈദ്യുത പദ്ധതിയനുസരിച്ച് വൈദ്യുതി എത്താത്ത 4204 വീടുകളിൽ വൈദ്യുതീകരണത്തിനായി 5,34,00,000 രൂപ ചെലവിൽ സോളാർ പാനലുകളും ബാറ്ററി ചാർജ്ജ് ചെയ്യാനുള്ള ഉപകരണങ്ങളും നൽകുന്നതാണ്. ചെറുകിട ജലവൈദ്യുതി ഉൽപാദന സാദ്ധ്യതാ പ്രദേശങ്ങളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിലാകെയുള്ള 850 ഓളം സൈറ്റുകളുടെ പ്രാഥമിക സർവ്വേ പൂർത്തിയാക്കി. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചാൽ അതിന്റെ പകുതി, പരമാവധി ഒരു കോടി രൂപവരെ കെ.എസ്.ഇ.ബി. നൽകുന്നതാണ്. ഊർജ്ജ സുരക്ഷാമിഷൻ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

20 മെഗാവാട്ട് ശേഷിയുള്ള ജൈവദ്രവ്യ ഗ്യാസിഫയറുകൾ (ജൈവ ദ്രവ്യ ഗ്യാസിഫയർ അധിഷ്ഠിത ശ്മശാനം ഉൾപ്പെടെ) സ്ഥാപിക്കുന്ന പ്രവർത്തനം;

650 മീറ്റർ ക്യൂബ് ശേഷിയുള്ള ജൈവ വാതക പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം;

3 സൗരോർജ്ജ അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം;

200 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള വിശദാംശ പഠനരേഖ തയ്യാറാക്കൽ;

എൽ.ഇ.ഡി. വിളക്കുകൾ, എൽ.ഇ.ഡി. സൗര വിളക്കുകൾ തുടങ്ങിയവ ഉൾപ്പെടെ പുതിയ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിതരണം;

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സമഗ്ര ഊർജ്ജ വികസനം നടത്തുന്നതിനും അതിനായി കാർബൺ ക്രഡിറ്റ് ലഭ്യമാക്കുന്നതിനും അടിസ്ഥാനമാക്കാവുന്ന തദ്ദേശ ഭരണ സ്ഥാപനതല സമഗ്ര ഊർജ്ജ പദ്ധതി തയ്യാറാക്കൽ.

വിദൂര ഗ്രാമ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്ര സഹായമായി 4.79 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഭാവിയിൽ ഏറ്റെടുക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു:

നഗര പ്രദേശങ്ങളിലെ വഴിവിളക്ക് സംവിധാനം നവീകരിക്കാനുള്ള പദ്ധതി, ഈ വർഷം 24 മുനിസിപ്പാലിറ്റികളിലും ഒരു കോർപ്പറേഷ നിലും നടപ്പാക്കുക;

50 മെഗാവാട്ട് ശേഷിയുള്ള 200 ചെറുകിട ജലവൈദ്യുത പദ്ധതികൾ ധനമന്ത്രിയുടെ മാന്ദ്യ വിരുദ്ധ പാക്കേജിന്റെ ഭാഗമായി നടപ്പാക്കുക; (പേരാവൂർ ബ്ലോക്കിൽ ആർ.ഐ.ഡി.എഫ് ഫണ്ട് ഉപയോഗിച്ച് നടപ്പാ ക്കുന്ന 19 മിനി ജലവൈദ്യുത പദ്ധതികളും ഈ പരിപാടിയിൽപ്പെടുന്ന താണ്.)

കേരളത്തിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്ന മുഴുവൻ വീടുക ളിലും മെച്ചപ്പെട്ട വിറകടുപ്പ് നൽകുക;

ഹോട്ടലുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ പ്രത്യേക ഊർജ്ജ സംരക്ഷണ പരിപാടി നടപ്പിലാക്കുക;

ബ്ലോക്ക് തലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യാനും, സ്ഥാപിച്ച ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാനും സംരംഭകരെ സൃഷ്ടിക്കുന്ന ഊർജ്ജ മാർട്ട് പരിപാടി നടപ്പിലാക്കുക;

കെ.എസ്.ഇ.ബി.യുടെ സഹായത്തോടെ രണ്ടുകോടി സി.എഫ്.എൽ വിതരണത്തിനുള്ള പരിപാടി കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ ബജത് ലാമ്പ് യോജന പരിപാടിയു മായി ബന്ധിപ്പിച്ച് നടപ്പാക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

ഒരു ദശലക്ഷം സി.എഫ്.എൽ പദ്ധതിയുടെ ഭാഗമായി പ്രാഥമിക വിവര ശേഖരണം നടത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി സി.എഫ്.എൽ വിതരണ ത്തിനുള്ള നടപടികൾ പൂർത്തിയാക്കുകയും വിതരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ആദ്യപടിയായി പട്ടികജാതി/ പട്ടികവർഗ്ഗക്കാർ, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവർ എന്നിവർക്കായി 10 ലക്ഷം സി.എഫ്. ബൾബുകളാണ് സൗജന്യമായി വിതരണം ചെയ്യുന്നത്.

ഈ വർഷം അവസാനമാകുമ്പോൾ എല്ലാ വീടുകളിലും 460 രൂപ വിലയുള്ള നാല് സി.എഫ്.എൽ. ബൾബുകൾ 60 രൂപയ്ക്ക് ലഭ്യമാക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. വീട്ടുനമ്പർ ഇല്ലാത്ത വീടുകൾക്ക് ഗുണഭോക്താവ് സ്ഥിരമായി എവിടെയാണ് താമസിക്കുന്നതെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ സർട്ടിഫൈ ചെയ്താൽ വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പെരിങ്ങളം നിയോജകമണ്ഡലത്തിലെ മൂന്നു പ്രദേശങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച 95 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്ട്രീറ്റ് ലൈറ്റുകളിൽ ഉപയോഗിക്കുന്ന ബൾബുകൾ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

17 (*123) <u>രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി</u>

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഇടുക്കി ജില്ലയിൽ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയുടെ പ്രവർത്തനം പുരോഗമിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സ്കീം പ്രകാരം എല്ലാ ജില്ലകൾക്കും വേണ്ടി പ്രോജക്ട് തയ്യാറാക്കി 2004-ൽത്തന്നെ കേന്ദ്ര സർക്കാരിന് നൽകിയിരുന്നുവെങ്കിലും 7 ജില്ലകളിലെ പദ്ധതിക്ക് മാത്രമേ അംഗീകാരം ലഭിച്ചിട്ടുള്ളൂ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ ടെണ്ടർ ചെയ്തുവെങ്കിലും കോട്ട് ചെയ്യപ്പെട്ട തുക വളരെ ഉയർന്നതായതിനാൽ വർക്ക് അവാർഡ് ചെയ്യാൻ സാധിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ പണി അവാർഡ് ചെയ്തു. ബാക്കി പണികൾ നടപ്പിലാക്കാൻ എൻ.ടി.പി.സി.യെ

ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഇടുക്കിയൊഴികെയുള്ള പദ്ധതികൾക്ക് പണം ലഭിക്കുകയുണ്ടായില്ല. ഇവ പതിനൊന്നാം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് മാറ്റിയിരിക്കുന്നുവെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിൽ ഇതുവരെ 20 വില്ലേജുകളിലായി 11,525 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ വൈദ്യുതി കണക്ഷൻ എടുക്കുന്ന ഉപഭോക്താക്കൾ നേരിടേണ്ടിവരുന്ന അധികബാദ്ധ്യത ഒഴിവാക്കി നൽകുവാൻ വേണ്ടി ഗാർഹിക കാർഷിക ഉപഭോക്താക്കളുടെ മിനിമം ഗ്യാരന്റി വ്യവസ്ഥ 01-04-2005 മുതൽ ബോർഡ് നിർത്തലാക്കുകയുണ്ടായി. ഗാർഹിക കാർഷിക ഉപഭോക്താക്കളുടെ മിനിമം ഗ്യാരന്റി വ്യവസ്ഥ പുന:സ്ഥാപിക്കുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കേന്ദ്രസർക്കാർ അംഗീകാരം നൽകിയ പദ്ധതികൾക്ക് പുതുക്കിയ റേറ്റ് അനുസരിച്ചുള്ള തുക ലഭിക്കുന്നതിനുവേണ്ടി ശ്രമിക്കുകയാണെന്നും ആർ.ജി.ജി.വി.വൈ. പ്രകാരമുള്ള തുക ലഭിക്കുകയാണെങ്കിലും രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി നടപ്പാക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകില്ലെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1018 മുതൽ 1258 വരെയുള്ള ചോദ്യങ്ങളിൽ 235 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

..................